(സി) വെയിറിംഗ് ലിസ്റ്റിൽ നിന്നും എടുത്ത കുട്ടികൾക്ക് ഇൻഡ്യൻ നേഴ്സിംഗ് കൗൺസിലിന്റെ സിലബസ് സനുസരിച്ച് ഒന്നര വർഷത്തെ പരിശീലനം പൂർത്തിയാകുന്നില്ല. അതിനാൽ അങ്ങനെയുള്ള കുട്ടികൾക്ക് ഈ അദ്ധ്യയനവർഷത്തിൽ ഏപ്രിൽ മാസത്തിൽ നടത്തുന്ന പരീക്ഷയ്ക്ക് ഇരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. അവർക്കുവേണ്ടി 1986 ജൂലായ്/ആഗസ്റ്റ് മാസത്തിൽ പരീക്ഷ നടത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

## സ്വകാര്യ മേഖലയിലെ നേഴ്സിംഗ് ഹോമുകളും ആശുപത്രികളും

384. (569) ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. പി. പ്രഭാകരൻ :
ഡോക്ടർ സുബ്ബറാവു :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര നേഴ്സിംഗ് ഹോമുകളും ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ എത്രയെണ്ണം നിയമപ്രകാരമുള്ള ഔഷധസംഭരണ-വിതരണത്തിനുള്ള ലൈസൻസ് എടുത്തിട്ടുണ്ട് ;

(സി) ഈ വകയിൽ സർക്കാരിന് എത്രത്തോളം നഷ്ടമാകുന്നുണ്ട്?

### ഉത്തരം

(എ) കൃത്യമായി കണക്കു വിവരം ലഭ്യമല്ല. ഡ്രഗ്സ് ആൻഡ് കോസ്മെറിക്സ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ചാരിറബ്ലിം സ്ഥാപനങ്ങളും, രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർമാർ സ്വന്തം രോഗികളെ ചികിൽസിക്കുന്ന ഡിസ്പെൻസറികളും എന്നിവ ഒഴിവാക്കിയാൽ ഏകദേശം 2000 സ്ഥാപനങ്ങൾ ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.

(ബി) 7 സ്വകാര്യ ആശുപത്രികൾ മാത്രം.

(സി) സർക്കാരിന് ലൈസൻസ് ഫീസ് ഇനത്തിൽ നാമമാത്രമായ വരുമാനമുണ്ടാകുമെങ്കിലും, അതിനുവേണ്ടി പുതിയതായി നിയമിക്കേണ്ടിവരുന്ന ഉദ്യോഗസ്ഥൻമാരുടെ ശമ്പളച്ചെലവ് കണക്കാക്കുമ്പോൾ സർക്കാരിന് വരുമാനത്തേക്കാൾ ചിലവ് കൂടുതലുണ്ടാകും.

## തിരുവനന്തപുരം ആയുർവേദ കോളേജിലെ ദ്രവ്യഗുണ വിജ്ഞാനം എം. ഡി. വിദ്യാർത്ഥികളുടെ ഗൈഡ്

385. (570) ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആയുർവേദ കോളേജിലെ ആശുപത്രിയിൽ ഫൈനക്കോളജിയിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദമുള്ള വ്യക്തി ഫാർമകോളജി (ദ്രവ്യഗുണവിജ്ഞാനം) ക്ക് എം. ഡി. വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫാർമക്കോളജി (ദ്രവ്യഗുണ വിജ്ഞാനം) യിൽ എം. ഡി. ബിരുദമുള്ള അദ്ധ്യാപകർ ആയുർവേദ കോളേജുകളിലുള്ളപ്പോൾ അവരുടെ സേവനം ഉപയോഗപ്പെടുത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ-യിൽ പരാമർശിച്ചിട്ടുള്ള നിയമനം നടന്നത് 1983-ൽ പി. ജി. സെൻറിനുവേണ്ടിയുള്ള സ്പെഷ്യൽ റൂൾസ് പ്രസിദ്ധീകരിക്കുന്നതിന് മുൻപാണ്. സ്പെഷ്യൽ റൂൾസ് അനുസരിച്ച് ആയുർവേദ കോളേജിൽ നിന്ന് നേരിട്ട് പി. ജി. സെൻറിലേക്ക് പ്രൊഫസർമാരെ നിയമിക്കാൻ വ്യവസ്ഥയില്ല.

തിരുവനന്തപുരം ആയുർവേദ കോളേജ്

386. [571] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജ് ആയുർവേദ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

കേരളത്തിൽ ആയുർവേദ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നിട്ടില്ല.

ആയുർവേദ കോളേജുകളിൽ ഫാമിലി പ്ലാനിംഗ് യൂണിറ്റുകൾ

387. [572] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ കോളേജുകളോട് അനുബന്ധിച്ച് ഫാമിലി പ്ലാനിംഗ് യൂണിറ്റുകൾ ആരംഭിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ ;

(ബി) കുടുംബാസൂത്രണ പദ്ധതി ബി. എ. എം. എസ്. സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ആയുർവേദ കോളേജിനോടനുബന്ധിച്ച് ഇപ്പോൾ തിരുവനന്തപുരം ആയുർവേദ കോളേജ് മെറ്റേർണിറ്റി ആശുപത്രിയിൽ ഫാമിലി പ്ലാനിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ നിലവിലില്ല.

(ബി) ഉണ്ട്.

ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജ്

388. [573] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ ഈ വർഷം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കരുതെന്നു തീരുമാനമെടുത്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly